# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെളിയനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.12/220/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെളിയനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.12/220/2023 തീയ്യതി: 23/03/2023

## ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-06-2022 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 08-02-2023 | 17-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-02-2023 | 17-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീദേവി പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ശ്രീദേവി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.പ്രീത,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു ശ്രീകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സാജുമോൻ പത്രോസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ഡോ.അനു ജി കൃഷ്ണ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 01-04-2021 | 31-03-2022 |
| ഡോ.ചിത്ര റ്റി | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.പ്രമിത പി പിള്ള | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി.റോസമ്മ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-07-2021 |
| ശ്രീമതി.ലക്ഷ്മി വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-08-2021 | 31-03-2022 |
| ശ്രീമതി.ഷാനിദ ബീവി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ജോസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.സിനി എസ് നായർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.രാജിമോൾ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.ബിജു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന - അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | ആസ്തി രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ. | 1-10 |
| 12 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല | 1-11 |
| 13 | സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി | 1-12 |
| 14 | പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - കുടിശിക വർദ്ധിക്കുന്നു | 1-13 |
| 15 | പൂർത്തീകരിക്കാത്ത ഭവനത്തിന് ധനസഹായം നൽകൽ- ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല | 1-14 |
| 16 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- പ്രോജക്ട് നടപ്പാക്കിയതിലെ ന്യൂനതകൾ | 1-15 |
| 17 | ലൈഫ് ഭവനനിർമ്മാണം - അഡ്വാൻസ് കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കിയില്ല | 1-16 |
| 18 | വി.ഇ.ഒ നടപ്പാക്കിയ വീട് മെയിന്റനൻസ് പ്രോജക്ടുകൾ- നിർമ്മാണം പൂർത്തിയാക്കിയതിന് രേഖയില്ല. | 1-17 |
| 19 | പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി-നിർമ്മാണം പൂർത്തിയായതിന്റെ രേഖയില്ല | 1-18 |
| 20 | വിവിധ പ്രോജക്ടുകൾക്കായി സമാഹരിച്ച തുകകൾ നിഷ്ക്രിയമായി തുടരുന്നു. | 1-19 |
| 21 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കിയില്ല | 1-20 |
| 22 | മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ. | 1-21 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |
| | ഭാഗം 4 | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ്19.02.2021 തീയതിയിലെ 1-(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 25.03.2021 തീയതിയിലെ 1-(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 136936205 | 136300705 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 116195259 | 114872911 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 18.06.2022 |

### 1-2-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

വെളിയനാട് ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1) സംസ്ഥാന സർക്കാരിൽ നിന്നും ഓരോ വർഷവും ലഭിക്കുന്ന പദ്ധതി വിഹിതത്തിന്റെ വർഷാന്ത്യ നീക്കിയിരുപ്പ് പൂജ്യം ആണെന്നിരിക്കെ ടി യിനത്തിൽ നീക്കിയിരുപ്പ് ഉള്ളതായി ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4ൽ രേഖപ്പെടുത്തി കാണുന്നു. വിശദ വിവരം താഴെകൊടുക്കുന്നു.

വികസന ഫണ്ട് ജനറൽ -785634/-

വികസന ഫണ്ട് എസ്.സി.പി -663340/-

ധനകാര്യ കമ്മീഷൻ ഗ്രാന്റ് -3681954

KLGSDPപെർഫോമൻസ് ഗ്രാന്റ് -1067245/-

മെയിന്റനൻസ് ഗ്രാന്റ് റോഡ് -- 838864/-

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് -737228/-

ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് -1415000/-

2) കാനറ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയതും ഗ്രാമപഞ്ചായത്തിന് ലഭിച്ചതുമായ ചെക്കുകളിൽ പണമാകാത്തവയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

Cheque Issued But Not Presented Into Bank – 3354062/-

Directly Credited By The Bank – 3199063.12/-

Total – 6553125.12/-

Cheque Deposited But Not Collected From Bank – 4374189/-

Diretly Debited By The Bank – 2163238.12/-

Total – 6537427.12/-

ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, 2020 മുതലുള്ള ചെക്കുകൾ മാറിയിട്ടില്ലായെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ എസ് ബി ടി രാമങ്കരിയിലെ ലിറ്ററസി ഗ്രാന്റ് അക്കൗണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Diretly Debited By The Bank-57595/- രൂപയും Directly Credited By The Bank-1396 രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 22 പ്രകാരം യഥാസമയം പണമാകാത്ത ചെക്കുകൾക്ക് നല്കിയ രസീപ്റ്റ് ക്യാൻസൽ ചെയ്യേണ്ടതും അക്കൗണ്ട് ബുക്കുകളിൽ ആവശ്യമായ റിവേഴ്സ് എൻട്രികൾ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3) വാർഷിക കണക്ക് പ്രകാരം കോവിഡുമായി ബന്ധപ്പെട്ട് ജീവനക്കാരിൽ നിന്നും ഈടാക്കിയ തുക നിക്ഷേപിക്കുന്നതിനായി ആരംഭിച്ച ട്രഷറി അക്കൗണ്ടിലെ നീക്കിയിരുപ്പ് 80239 രൂപയാണ്. ടി തുകയുടെ ആധികാരികത പരിശോധിക്കുന്നതിനായി ട്രഷറി സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

4) ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) ചെലവിൽ എ സി ആർ ഉം വാർഷിക ധനകാര്യപത്രികയും തമ്മിൽ 1066862/-രൂപയുടെ വ്യത്യാസമുണ്ട്.

5) ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം തൻവർഷം Temporary Advance For Official Purpose-2504289/- രൂപയും Advance To

Implementing Officers – 734018/- രൂപയും ലഭിക്കാനുള്ളതായാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രോജക്ട് പ്രകാരം റീളപ്പ് ചെയ്തിട്ടുള്ള തുകകൾ കുറവ് ചെയ്ത് അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

6) സപ്ലൈയേഴ്സ് ഇ എം ഡി ഒഴികെ വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലുള്ള മുന്നിരിപ്പ് , വരവ് ചെലവ് എന്നിവ രജിസ്റ്ററിലെ രേഖപ്പെടുത്തലും വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
7) ലൈസൻസ് ഇനത്തിലെ ഡിമാന്റ് വാർഷിക കണക്ക് പ്രകാരം 51560/-രൂപയാണ്(I-4(b)). എന്നാൽ രജിസ്റ്റർ പ്രകാരം തൻവർഷത്തെ ഡിമാന്റ് 49850/-വ്യത്യാസം - 1710/-

8) Profession Tax – Institutions/ Professionals/ Tradersഇനത്തിലെ ഡിമാന്റ് വാർഷിക കണക്ക് പ്രകാരം 79480/-രൂപയാണ് (I-1). എന്നാൽ രജിസ്റ്റർ പ്രകാരം ഡിമാന്റ് 72650/-വ്യത്യാസം - 6830/-

9)RP-10പ്രകാരം Recovery From Employees Based On Charge Certificate എന്നയിനത്തിൽ 24773/-രൂപ വരുമാനം രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി തുകയിൽ 860/-രൂപ ഓഡിറ്റ് റിക്കവറിയായി ഈടാക്കിയ തുകയല്ല മറിച്ച് ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തൊഴിൽനികുതിയിനത്തിൽ ഈടാക്കിയ തുകയാണ്.

10) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് യഥാർത്ഥ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവ് വിവരം | |
|---|---|---|
| | യഥാർത്ഥ ചെലവ് | വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിത കൾക്കുള്ള ധനസഹായം | 452800 | 372800 |
| കർഷകതൊഴിലാളി പെൻഷൻ | 19510600 | 16278200 |
| വിധവാപെൻഷൻ | 6629600 | 5498000 |
| വാർദ്ധക്യകാല പെൻഷൻ | 13397600 | 11106800 |
| വികലാംഗപെൻഷൻ | 3098500 | 2562500 |

11)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം Beneficiary Contribution ഇനത്തിൽ 543800/-രൂപ നിലനിൽക്കുന്നു. തുക ഏതൊക്കെ പ്രോജക്ടുകൾക്കുവേണ്ടി സമാഹരിച്ചതാണെന്ന വിവരം അറിയിക്കേണ്ടതാണ് .

12)ബാലൻസ് ഷീറ്റ് B-4 ഷഡ്യൂളിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന ചുവടെ ചേർക്കുന്ന തുക ലയബിലിറ്റിയായി ഇപ്പോഴും അവശേഷിക്കുന്നത് എന്തുകൊണ്ടെന്ന് വിശദീകരിക്കേണ്ടതാണ്.

| ഇനം | തുക |
|---|---|
| Grants, Funds & Contributions For Specific Purposes-Other Central Govt. Grants-Drinking Water | 550550 |
| Grants, Funds & Contributions For Specific Purposes-Other Central Govt. Grants- Solid Waste | 1514708 |
| Contribution For Joint Venture Projects (For Revenue Expenditure)- From Block Panchayats | 1185120 |
| Recoveries Payable - COVID | 35305 |

13) പെർമിറ്റ് രജിസ്റ്ററിൽ ഡിസിബി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തൻമൂലം വാർഷിക കണക്കിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

14) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

15)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011 റൂൾ 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2021-22 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ)അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ.

ബി)അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.
ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/17.02.2023)മറുപടി ലഭ്യമാക്കിയില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7833772 |

| | |
|---|---|
| വരവ് | 39146696 |
| ആകെ | 46980468 |
| ചെലവ് | 39091140 |
| നീക്കിയിരിപ്പ് | 7889328 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (ഉറവിടത്തിൽ കുറവ് ചെയ്തു ഉൾപ്പെടെ) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10133800 | 10133800 | 1507067 | 10133800 | 0 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 2599600 | 2599600 | - | 2326000 | 273600 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4128000 | 4128000 | - | 2342000 | 1786000 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4853319 | 4853318 | - | 3162364 | 1690955 (ലാപ്സ്ഡ്) |
| ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | 0 | 4679540 | 4679540 | - | 3435640 | 1066862 (ലാപ്സ്ഡ്) 177038( ബാങ്ക്) |
| ധനകാര്യ കമ്മീഷൻ അവാർഡ് (അൺടൈഡ്) | 0 | 2449707 | 2449707 | - | 1710187 | 739520( ബാങ്ക്) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 108 | 35631305 | 87 | 25941493 | 8 | 13 | 80.5% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 661771 | 718696 | 1380467 | 1378869 | 1598 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 45571374 | 45571374 | 45571374 | |
| ആകെ | 661771 | 46290070 | 46951841 | 46950243 | 1598 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 35160 | 35 |
| കർഷക തൊഴിലാളി പെൻഷൻ | 16278200 | 1049 |
| വിധവ പെൻഷൻ | 5498000 | 362 |
| വാർദ്ധക്യകാല പെൻഷൻ | 11106800 | 725 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 2562500 | 176 |
| അവിവാഹിത പെൻഷൻ | 372800 | 23 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.02.2023, 3.00 Pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1600/- രൂപ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തിൽ നടത്തുന്ന വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

2.സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ ലഭ്യമല്ല. സ്റ്റോക്ക് എൻട്രി ചുമതലപ്പെട്ട ഉദ്യോഗസ്ഥരാരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3.തെരുവ് വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിസൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയായ രീതിയിൽ തയ്യാറാക്കി ഡി.സിബി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

4.ഫർണിച്ചർ, സ്റ്റേഷനറി എന്നിവയുടെ സ്റ്റോക്ക് രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.പൊതുവായ സ്റ്റോക്ക് രജിസ്റ്ററിൽ അവയുടെ സ്റ്റോക്ക് രേഖപ്പെടുത്തുന്നുണ്ട് എങ്കിലും, വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

5.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6.ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

7.നടപ്പിലാക്കുന്ന പദ്ധതികളുടെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ, പ്രവൃത്തി പൂർത്തീകരണസർട്ടിഫിക്കറ്റുകൾ എന്നിവ ഫയലുകളിൽ ലഭ്യമല്ല. ആയതിനാൽ പ്രവൃത്തികൾ വിജയകരമായി നടപ്പിലാക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പു വരുത്താൻ സാധിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണസംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.

## 1-10 ആസ്തി രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ.

ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.-

1)ആസ്തി രജിസ്റ്റർ 2012 നശേഷം കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ റോഡുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ളതിൽ കോസ്റ്റ് ഓഫ് കൺസ്ട്രക്ഷൻ, അവസാന മെയിന്റനൻസ് വിവരങ്ങൾ, വാർഡ് നം., ഉടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല.

2)ജംഗമ വസ്തുക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനു മാത്രമായി ഒരു രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും അതിൽ അവയുടെ പൂർണ്ണമായ വിവരങ്ങൾ ചേർത്തിട്ടില്ല. കൂടാതെ, രേഖപ്പെടുത്തിയിട്ടുള്ള വസ്തുക്കളെ സംബന്ധിച്ച വിശദാംശങ്ങൾ(അവയുടെ വില, വാങ്ങിയ തീയതി, ആരുടെ കൈവശം സൂക്ഷിച്ചിരിക്കുന്നു, ഉടങ്ങിയ വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 5/16.02.2023) ലഭ്യമാക്കിയ മറുപടിയിൽ സചിത്ര സോഫ്റ്റ് വെയറിലെ അപാകതകൾ മൂലമാണ് ആസ്തിരജിസ്റ്റർ കാലികമാക്കാൻ സാധിക്കാതിരുന്നതെന്നും ടി അപാകത പരിഹരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഭാവിയിൽ ഈ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയുടേയും മേൽ ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു

തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത ജീവനക്കാർ

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| പോസ്റ്റ് ഓഫീസ്,കുമരകരി | 2 |
| സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്,കുമരകരി | 1&2 |
| മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്,കിടങ്ങറ ബസാർ | 2 |
| മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്,കിടങ്ങറ | 2 |

| | |
|---|---|
| മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്,വെളിയനാട് | 2 |

സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾ

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| ഫെഡറൽ ബാങ്ക് | 2 |
| ബി എസ് എൻ എൽ | I &2 |
| സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്,കുമരങ്കരി | I &2 |
| മാവേലി സ്റ്റോർ | I &2 |
| മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്,വെളിയനാട് | I |
| മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്,കിടങ്ങറ ബസാർ | I &2 |
| മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്,കിടങ്ങറ | I |

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2021-22 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ (എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) ചുവടെ ചേർക്കുന്ന കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരുടെ പേര് |
|---|---|
| 1 | അജേഷ് വി എ |
| 2 | കെ ഷാജി |
| 3 | സന്തോഷ് എ ജി |
| 4 | ജോസഫ് ഈപ്പൻ |
| 5 | സജീഷ് റ്റി എസ് |
| 6 | എബ്രഹാം ജോസഫ് |
| 7 | ജോജി ജോസഫ് |
| 8 | അനിരുദ്ധൻ പി എസ് |
| 9 | ശ്യാംകുമാർ വി സി |
| 10 | രതീഷ് വിജയകുമാർ |
| 11 | ജോസഫ് കുട്ടി ജോസഫ് |

തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.7/16.02.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ/ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്. നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ/ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി

പഞ്ചായത്തിലെ ക്ഷേമപെൻഷൻ വിതരണവിവരങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

*പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്ന് കണ്ടു. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിൽ വളരെയധികം കാലതാമസം വരുന്നു. പെൻഷൻ വിതരണ വിവരം താഴെ കൊടുക്കുന്നു .*

1.ബാങ്ക് അക്കൌണ്ട് മുഖേന പെൻഷൻ ലഭിച്ചവർ

| ക്രമനം | പേര് /വിലാസം | മരിച്ച തീയതി/ മരണ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കുമാരൻ കെ എം,കൊടിയത്തറ,കുന്നംങ്കരി | 05.01.2021/ 29.01.2021 | വാർദ്ധക്യകാല പെൻഷൻ 516675226702 | 2/2021- 11/2022 വരെ 35000/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 2 | വർഗീസ് ചാക്കോ,മുല്ലശേരിച്ചിറ,കിടങ്ങറ | 20.02.2021/ 04.06.2021 | കർഷകതൊഴിലാളിപെൻഷൻ 785987553392 | 3/2021,4/2021 =3100/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 3 | ചിന്നമ്മ കോര,കളപ്പുരപറമ്പിൽ,വെളിയനാട് | 06.07.2021/ 29.07.2021 | വാർദ്ധക്യകാല പെൻഷൻ 558765519427 | 8/2021- 1/2022 വരെ 9600/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |

മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുകയായ 47700/-രൂപ അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി ഡിബിറ്റി സെല്ലിൽ ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

2. സഹകരണ സൊസൈറ്റികൾ മുഖേന വിതരണം നടത്തിയത്

ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്തിൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതായികാണുന്നു. ഇതുമൂലം സഹകരണബാങ്കുകളിലെ അക്കൌണ്ടിലേക്ക് തുകനൽകികൊണ്ടിരിക്കുന്നു.

ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു

| ക്രമനം | പേര് /വിലാസം | മരിച്ച തീയതി/ മരണ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കറുപ്പായി,കുത്തപ്പള്ളി കോളനി,കിടങ്ങറ | 16.12.2020/ 11.01.2021 | കർഷകതൊഴിലാളിപെൻഷൻ 324132230267 | 12/2020- 8/2021 വരെ 13900/-രൂപ | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 2 | ചന്ദ്രൻ കെ കെ,കളരിക്കപറമ്പ്,കുമരങ്കരി | 30.12.2020/ 16.01.2021 | കർഷകതൊഴിലാളിപെൻഷൻ 679927590089 | 12/2020-8/2021 വരെ 13900/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 3 | കൊച്ചുകുട്ടി സുമതി,മണക്കരി വീട്,വെളിയനാട് | 06.01.2021/ 05.02.2021 | കർഷകതൊഴിലാളിപെൻഷൻ 815335831676 | 1/2021- 8/2021 12500/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 4 | ജാനകി കരുണാകരൻ,ചെമ്മാരപ്പള്ളി,വെളിയനാട് | 08.01.2021/ 05.02.2021 | കർഷകതൊഴിലാളിപെൻഷൻ 640209961694 | 2/2021- 8/2021 11000/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 5 | കല്ല്യാണി ഗോവിന്ദൻ, ഇരുപതിൽ പറമ്പ്,വെളിയനാട് | 06.02.2021/ 27.02.2021 | കർഷകതൊഴിലാളിപെൻഷൻ 419511001672 | 3/2021- 8/2021 9500/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 6 | കുഞ്ഞമ്മ ചീരൻ,തട്ടാശ്ശേരി,കിടങ്ങറ | 20.01.2021/ 05.02.2021 | കർഷകതൊഴിലാളിപെൻഷൻ 917061549283 | 1/2021- 8/2021 12500/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 7 | ഭാഗീരഥിയമ്മ,ചെറുത്തറ,കിടങ്ങറ | 05.01.2021/ 05.02.2021 | വാർദ്ധക്യകാല പെൻഷൻ 690580491819 | 1/2021- 8/2021 12500/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 8 | ജാനകി,ഗീതാഞ്ജലി,കിടങ്ങറ | 22.03.2021/ | കർഷകതൊഴിലാളിപെൻഷൻ | 3/2021- | സഹകരണ ബാങ്ക് |

| | | | | | |
|---|---|---|---|---|---|
| | | 15.06.2021 | 294485533368 | 8/2021 9500/- | അക്കൌണ്ടിലേക്ക് നൽകി. |
| 9 | രമണി രാജൻ,ഇരുപതിൽ പറമ്പ്,വെളിയനാട് | 04.06.2021/ 12.07.2021 | കർഷകതൊഴിലാളിപെൻഷൻ 785577522488 | 5/2021- 8/2021 6400/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 10 | കൊച്ചുപെണ്ണ് ജാനകി,ഇരുപതിൽ പറമ്പ്,വെളിയനാട് | 22.06.2021/ 12.07.2021 | കർഷകതൊഴിലാളിപെൻഷൻ 204348962603 | 3/2021- 8/2021 9500/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 11 | സരസമ്മ,തുമ്പയിൽ,കിടങ്ങറ | 09.05.2021/ 12.07.2021 | കർഷകതൊഴിലാളിപെൻഷൻ 772782657902 | 5/2021- 8/2021 6400/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 12 | കുഞ്ഞമ്മ കമാരൻ,ഇരുപതിൽച്ചിറ,കുന്നംങ്കരി | 29.07.2021/ 11.08.2021 | കർഷകതൊഴിലാളിപെൻഷൻ 560872788807 | 8/2021- 4/2022 14400/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 13 | രാജപ്പൻ എൻ,ഉണ്ടിയിൽ ഹൌസ്,കിടങ്ങറ | 16.08.2021/ 22.09.2021 | കർഷകതൊഴിലാളിപെൻഷൻ 473221428422 | 9/2021- 4/2022 12800/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 14 | മാർക്കോസ്,പുല്ലംകച്ചികാരിച്ചിറ,കുന്നംങ്കരി | 22.08.2021/ 25.09.2021 | കർഷകതൊഴിലാളിപെൻഷൻ 974034590348 | 9/2021- 4/2022 12800/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 15 | പൊന്നപ്പൻ പി സി,കുരിത്തിക്കളം,വെളിയനാട് | 13.09.2021/ 08.10.2021 | വാർദ്ധക്യകാല പെൻഷൻ 661857568539 | 9/2021- 4/2022 12800/ | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം-9/16.02.23)ക്ക് മറുപടി ലഭ്യമായിട്ടില്ല.ബാങ്കുകളുടെ അക്കൌണ്ടിൽ ഇപ്രകാരം വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള ആകെ തുക തിട്ടപ്പെടുത്തി, കണക്ക് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകേണ്ടതും ഡിബിറ്റി സെല്ലിലേക്ക് തുക തിരികെ ഒടുക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതുമാണ്. നേരിട്ട് പെൻഷൻ വിതരണം ചെയ്യുന്ന സംഗതികളിൽ ഏതൊക്കെ സഹകരണ ബാങ്കുകൾ വഴിയാണ് പെൻഷൻ വിതരണം നടത്തുന്നതെന്നും, ഇപ്രകാരം വിതരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള സഹകരണ ബാങ്കുകൾ എല്ലാ മാസവും മരണപ്പെട്ട ഗുണഭോക്താക്കളുടെ റിപ്പോർട്ട് ലഭ്യമാക്കുന്നുണ്ടോയെന്ന വിവരവും അറിയിക്കേണ്ടതാണ്.

## 1-13 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - കുടിശിക വർദ്ധിക്കുന്നു

കേരള വാട്ടർ അതോറിറ്റിയുടെ 16.04.2021 ലെ 51380 ാംനമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്തിലെ 283 പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശികയുൾപ്പടെ 9102940/-രൂപ ഡിമാന്റ് ചെയ്തിട്ടുണ്ട്. കുടിശ്ശിക തുകയ്ക്ക് വാട്ടർ അതോറിറ്റി പ്രതിമാസം ഫൈൻ ചുമത്തി വരുന്നുണ്ട്. തൻ വർഷം വാട്ടർ അതോറിറ്റി 2458073/-രൂപ ഫൈൻ ഇനത്തിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | മുൻബാക്കി | ഡിമാന്റ് | ഫൈൻ | ഒടുക്കിയ തുക | ബാലൻസ് |
|---|---|---|---|---|---|
| 04/21 | 8800431 | 130015/ For 283 Taps | 172494 | | 9102940 |
| 05/21 | 9102940 | 130015 | 178609 | | 9411564 |
| 06/21 | 9411564 | 130015 | 184659 | | 9726238 |
| 07/21 | 9726238 | 130474/ For 284 Taps | 190832 | | 10047544 |
| 08/21 | 10047544 | 130474 | 197134 | | 10375152 |
| 09/21 | 10375152 | 130474 | 203560 | | 10709186 |
| 10/21 | 10709186 | 130474 | 210113 | | 11049773 |
| 11/21 | 11049773 | 130474 | 216793 | | 11397040 |

| | | | | | |
|---|---|---|---|---|---|
| 12/21 | 11397040 | 130474 | 223605 | | 11751119 |
| 01/22 | 11751119 | 130474 | 230550 | 819000 | 12112143 |
| 02/22 | 11293143 | 130474 | 221252 | | 11644869 |
| 03/22 | 11644869 | 130474 | 228472 | 426000 | 12003815 |
| Total | | | 2458073 | 1245000 | |

വാട്ടർ അതോറിറ്റിയുമായി അവസാനമായി സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം നിർണ്ണയിച്ചതെന്നാണ്, സംയുക്ത പരിശോധന റിപ്പോർട്ട് പ്രകാരം ആകെ ടാപ്പുകളുടെ എണ്ണം എത്രയാണ്, ഇതിൽ എത്രയെണ്ണം റദ്ദ് ചെയ്തിട്ടുണ്ട് എന്നീ വിശദാംശംങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല (നം.11/16.02.2023) . കൂടാതെ 07/2021 ൽ പൊതു ടാപ്പുകളുടെ എണ്ണം 283 ആയിരുന്നു , അത് 08/2021 ൽ 284 ആയത് എപ്രകാരമാണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല. പ്രതിമാസം വർദ്ധിച്ചുവരുന്ന വാട്ടർ ചാർജ്ജ് കുടിശ്ശിക സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഫൈൻ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. വിഷയത്തിലേക്ക് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ സവിശേഷശ്രദ്ധക്ഷണിക്കുന്നു.

## 1-14 പൂർത്തീകരിക്കാത്ത ഭവനത്തിന് ധനസഹായം നൽകൽ- ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

പ്രോജക്റ്റ് നം. - 135/22

പൂർത്തീകരിക്കാത്ത ഭവനത്തിന് ധനസഹായം നൽകൽ

നിർവ്വഹണം - വി ഇ ഒ

അടങ്കൽ - 62146 (വികസന ഫണ്ട്-പൊതു വിഭാഗം)

ചെലവ് - 62000 (BRN 202270ദ്ദ്487126/26.03.2022)

ഇ എം എസ് പദ്ധതിയിൽ വീട് പണി പൂർത്തീകരിക്കാത്ത സാവിത്രി, നടുച്ചിറ എന്ന ഗുണഭോക്താവിന് വീട് പണി പൂർത്തീകരിക്കാൻ ധനസഹായം നൽകുന്നതായിരുന്നു അംഗീകൃത പ്രോജക്റ്റ് . പ്രസ്തുത ബിൽ പ്രകാരം സാവിത്രി ഗോപിദാസ് എന്നയാൾക്ക് 62000/-രൂപ നൽകിയിട്ടുണ്ട്.ഇ എം എസ് ഭവനപദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ പ്രകാരം ശ്രീമതി. സാവിത്രിക്ക് 29.03.2011ൽ 22500/- രൂപയും 14.01.2011ൽ 30000/- രൂപയും നൽകിയിട്ടുണ്ട്. തൻവർഷം നൽകിയ 62000/- ഉൾപ്പടെ ആകെ 137000/- നൽകിയിട്ടുണ്ട്. ടി ഗുണഭോക്താവിന്റെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/17.02.2023)മറുപടി ലഭിച്ചില്ല . ഭവന നിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ 62000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- പ്രോജക്റ്റ് നടപ്പാക്കിയതിലെ ന്യൂനതകൾ

പ്രോജക്റ്റ് നം.126/22 -സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

നിർവ്വഹണം - സെക്രട്ടറി

വികസന ഫണ്ട് - 104960

ധനകാര്യ കമ്മീഷൻ അവാർഡ് - 360360

തനത് ഫണ്ട് - 3880

ആകെ അടങ്കൽ - 469200

ചെലവ് - 452640 (93480/-165/23.03.2022, 359160/- 152/18.03.2022)

24 വാട്സിന്റെ 276 LEDലൈറ്റ് സ്ഥാപിക്കുന്നതിനായി ( ആയതിന്റെ വില, സ്ഥാപിക്കുന്നതിന്റെ ചാർജ്ജ് ഉൾപ്പടെ 1640/-രൂപ നിരക്കിൽ) 452640/-രൂപ പുളിവേലിൽ ഏജൻസീസ്, കിടങ്ങറ എന്ന സ്ഥാപനത്തിന് പ്രസ്തുത ബിൽപ്രകാരം നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1.പ്രവൃത്തിയ്ക്കായി ശ്രീമതി. സ്മിതാ ബാബു, പുളിവേലിൽ ഏജൻസീസ് എന്ന പേരിൽ 500/- രൂപയുടെ മുദ്രപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുള്ളതല്ലാതെ സ്ഥാപനവുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടില്ല. പ്രോജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തി ഇരുകക്ഷികളും ഒപ്പുവെയ്ക്കാത്ത മുദ്രപത്രത്തിന് നിയമസാധുതയില്ല. കരാർ ചമയ്ക്കാത്തതിനാൽ വാറണ്ടി സംബന്ധിച്ചുള്ള വിവരം ലഭ്യമല്ല

2. പ്രവൃത്തി സംബന്ധിച്ച് ( ഏതൊക്കെ വാർഡുകളിൽ , പോസ്റ്റുകളുടെ നമ്പർ/പേര് ) യാതൊരു വിശദാംശവും ഫയലിൽ ഇല്ല. ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട് എന്നുള്ള വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം മാത്രമാണ് ഫയലിലുള്ളത്.

3.മാറ്റി സ്ഥാപിച്ച ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണെന്ന് ബോധ്യപ്പെട്ടതിന്റെ രേഖകൾ ലഭ്യമല്ല. കെ.എസ്.ഇ.ബി.യിൽ സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കിയതിന്റെ രേഖ ലഭ്യമാക്കിയില്ല.

4. തെരുവ് വിളക്കുകളുടെ പരാതി രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ, എന്നിവ ഹാജരാക്കിയിട്ടില്ല. കൂടാതെ പരാതികൾ സ്വീകരിക്കുവാൻ നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

5.പ്രവർത്തനക്ഷമമായ തെരുവുവിളക്കുകളുടെ എണ്ണം ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി യും സംയുക്തപരിശോധന നടത്തി

കണക്കാക്കിയിട്ടില്ല

6. ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം , ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

7. പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

8. 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . ഇപ്രകാരം കിഴിവ് വരുത്താതെയാണ് സ്ഥാപനത്തിന് തുക അനുവദിച്ചത്.

മേൽ വിവരങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/15.02.2023) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ , സ്ട്രീറ്റ് ലൈറ്റ് പരിപാലനം എന്നീ പ്രോജക്ടുകൾ കുറ്റമറ്റരീതിയിൽ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് . ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-16 ലൈഫ് ഭവനനിർമ്മാണം - അഡ്വാൻസ് കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ പരിശോധിച്ചതിൽ അഡ്വാൻസ് കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ ഭവനനിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയില്ല എന്ന് വ്യക്തമാകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു 40000/- നൽകിയതീയതി | ആകെ നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ഓമന മോഹനൻ, കുന്നപ്പള്ളി, വാർഡ്-7 | 11.07.2018 | 200000/- | നിർമ്മാണം പൂർത്തിയായില്ല |
| 2 | മേരിക്കുട്ടി, ആറുപറ,വാർഡ്-4 | 08.10.2018 | 260000/- | |
| 3 | മോളമ്മ, ഷിബിനാഭവൻ,വാർഡ്-7 | 11.07.2018 | 340000/- | |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/15.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസ് കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 വി.ഇ.ഒ നടപ്പാക്കിയ വീട് മെയിന്റനൻസ് പ്രോജക്ടുകൾ- നിർമ്മാണം പൂർത്തിയാക്കിയതിന് രേഖയില്ല.

ഗ്രാമപഞ്ചായത്തിൽ വീട് മെയിന്റനൻസിനായി വി ഇ ഒ ഏറ്റെടുത്ത വിവിധ പ്രോജക്ടുകൾ പൂർത്തിയായതിന് രേഖയില്ല.
വിശദവിവരം ചുവടെ ചേർക്കുന്നു.
(എ) പ്രോജക്ട് നം. 137/22 -വീട് മെയിന്റനൻസ് (ജനറൽ)

അടങ്കൽ - 200000 ( വികസനഫണ്ട്- പൊതു വിഭാഗം)

ചെലവ് - 200000 ((1)100000/-BRN 22701513379/30.03.2022,(2)50000/- BRN 22701443463/24.03.2022, (3)50000/-BRN 22701486987/26.03.2022)

വി ഇ ഒ നടപ്പാക്കിയ പ്രസ്തുത പ്രേജക്ടിൽ വീട് മെയിന്റനൻസിനായി രണ്ട് ഗുണഭോക്താക്കൾക്ക് 100000/- രൂപ വീതം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | ഗുണഭോക്താവ് | നൽകിയതുക | റിമാർക്സ് |
|---|---|---|---|
| 1 | മായാപ്രകാശ്,വാർഡ് 2 | 100000(50000+50000) | പ്രവൃത്തി പൂർത്തിയക്കി മൂല്യനിർണ്ണയ സാക്ഷ്യ പത്രം ഹാജരാക്കിയില്ല. |
| 2 | ജയാഅശോകൻ,വാർഡ് 8 | 100000(50000+50000) | |

(ബി) പ്രോജക്ട് നം. 134/22 -വീട് മെയിന്റനൻസ് (ജനറൽ)

അടങ്കൽ - 500000 ( വികസനഫണ്ട്- പൊതു വിഭാഗം)

ചെലവ് - 450000/- (250000/-BRN 22701438653/23.03.2022, 200000/-BRN 22701513400/30.03.2022)

മേൽ പ്രോജക്ടിൽ വീട് മെയിന്റനൻസിനായി 5 ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | ഗുണഭോക്താവ് | നൽകിയതുക | റിമാർക്സ് |
|---|---|---|---|
| 1 | സിലോമണി | 100000(50000+50000) | പ്രവൃത്തി പൂർത്തിയാക്കി |
| 2 | കുസുമം | 75000(50000+25000) | |

| | | | |
|---|---|---|---|
| 3 | തങ്കമ്മ തോമസ് | 100000(50000+50000) | മൂല്യനിർണ്ണയ സാക്ഷ്യ പത്രം ഹാജരാക്കിയില്ല |
| 4 | വിജയമ്മ റജിമോൻ | 100000(50000+50000) | |
| 5 | അന്നമ്മ തോമസ് | 75000(50000+25000) | |

(സി)പ്രോജക്ട് നം. 18/22 - ആശ്രയ പരിപാടി

അടങ്കൽ - 100000 ( വികസനഫണ്ട്- പൊതു വിഭാഗം)

ചെലവ് - 100000

മേൽ പ്രോജക്ടിൽ വീട് മെയിന്റനൻസിനായി 2 ആശ്രയ ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമനം. | ഗുണഭോക്താവ് | നൽകിയതുക/ബിൽ നം./തീയതി | റിമാർക്സ് |
|---|---|---|---|
| 1 | ഗീതമ്മ | 50000 (25000/-BRN 22700 339980/24.08.2021 ,25000/-BRN 22700438219/23.09.2021) | പ്രവൃത്തി പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യ പത്രം ഹാജരാക്കിയില്ല |
| 2 | രേവമ്മ | 50000(25000/-BRN 22700345269/26.08.2021, 25000/-BRN 22700944927/07.01.2022) | |

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)22/2018/തസ്വഭവ തീയതി 14.02.18 ഖണ്ഡിക 6.7.5 പ്രകാരം ഗുണഭോക്താക്കൾ ഹാജരാക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം വീട് വാസയോഗ്യമാക്കുന്നതിനായി ആനുകൂല്യം അനുവദിക്കേണ്ടത്. എന്നാൽ 2021-22 വർഷം നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ പ്രോജക്ടുകളുടെ ആദ്യഗഡു അനുവദിക്കുന്നതിന് മുമ്പായി ഇത്തരത്തിലുള്ള റഫ് എസ്റ്റിമേറ്റ് ഗുണഭോക്താക്കളിൽ നിന്ന് ലഭ്യമാക്കാതെയാണ് ആനുകൂല്യം നല്കിയത്. കൂടാതെ മെയിന്റനൻസ് നടത്തിയ വീടുകളുടെ കാലപ്പഴക്കം സംബന്ധിച്ച് സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രസ്തുത പ്രോജക്ട് പ്രകാരം നടപ്പാക്കിയ വീട് മെയിന്റനൻസ് പ്രവൃത്തി പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ മൂന്ന് പ്രോജക്ടുകളിലെ 750000/- രൂപയുടെ (200000+450000+100000) ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി-നിർമ്മാണം പൂർത്തിയായതിന്റെ രേഖയില്ല

പ്രോജക്ട് നം33/22

പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ - 600000(വികസന ഫണ്ട് - എസ് സി പി)

ചെലവ് -525884/-

പ്രസ്തുത പ്രോജക്ട് പ്രകാരം രാധമ്മ സുഗുണൻ (വാർഡ്-8) എന്ന ഗുണഭോക്താവിന് 150000/- രൂപ , മകൾ ആര്യമോൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി നൽകിയിട്ടുണ്ട്. പഠനമുറി നിർമ്മാണം പൂർത്തിയാക്കിയോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/17.02.2023) മറുപടി ലഭിച്ചില്ല. പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 150000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ചെലവ് വിവരം

100000/-( BRN -22700592134/29.10.2021)

50000/-( BRN -22701119305/14.02.2022)

## 1-19 വിവിധ പ്രോജക്ടുകൾക്കായി സമാഹരിച്ച തുകകൾ നിഷ്ക്രിയമായി തുടരുന്നു.

വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റ് B-4 ഷഡ്യൂളിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന ചുവടെ ചേർക്കുന്ന തുക ലയബിലിറ്റിയായി വർഷങ്ങളായി അവശേഷിക്കുന്നു.

| ഇനം | തുക |
|---|---|

| | |
|---|---|
| Grants, Funds & Contributions For Specific Purposes-Other Central Govt. Grants-Drinking Water | 550550 |
| Grants, Funds & Contributions For Specific Purposes-Other Central Govt. Grants- Solid Waste | 1514708 |
| Contribution For Joint Venture Projects (For Revenue Expenditure)- From Block Panchayats | 1185120 |
| Grants , Funds & Contributions For Specific Purposes-Other Government Agencies | 2093483 |

പ്രസ്തുത തുക ലയബിലിറ്റിയായി ഇപ്പോഴും അവശേഷിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/17.02.23) മറുപടി ലഭിച്ചില്ല. ഈ തുക ഏതൊക്കെ പ്രോജക്ടുകൾക്കായി ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച തുകയാണെന്നുള്ള വിവരം ലഭ്യമല്ല. പ്രോജക്ട് നടപ്പാക്കാൻ കഴിയാത്തപക്ഷം തുക ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടയ്ക്കേണ്ടതാണ്.

കൂടാതെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം Beneficiary Contribution ഇനത്തിൽ 543800/-രൂപ നിലനിൽക്കുന്നു. തുക ഏതൊക്കെ പ്രോജക്ടുകൾക്കുവേണ്ടി സമാഹരിച്ചതാണ്, എത്ര വീതം തുകയുണ്ട് എന്നീ വിവരങ്ങൾ ലഭ്യമല്ല. പ്രോജക്ട് നടപ്പാക്കാൻ കഴിയാത്തപക്ഷം ഗുണഭോക്താക്കൾക്ക് തുക തിരികെ നൽകേണ്ടതാണ്. ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി നടപ്പാക്കിയ 09 പ്രവർത്തികൾക്കായി 1415000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് തിരുവല്ല വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. എന്നാൽ 20.12.2022 തീയതിയിലെ വിനിയോഗസാക്ഷ്യ പത്രം പ്രകാരം 1404939/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. അവശേഷിക്കുന്ന 10061/- രൂപ തിരികെ ഈടാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.03/15.02.2023) മറുപടി ലഭ്യമാക്കിയില്ല. ചെലവഴിക്കാതെ അവശേഷിക്കുന്ന 10061/- രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-21 മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ.

21-22 സാമ്പത്തികവർഷത്തെ മരാമത്തു പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കാണപ്പെട്ട പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

1)സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

2)1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 9 പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് ടെണ്ടർ രജിസ്റ്ററിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടെണ്ടർ രജിസ്റ്ററിൽ ടി നടപടിക്രമം പാലിച്ചിട്ടില്ല.

3)ടെൻഡർ രജിസ്റ്ററിൽ പല പ്രവൃത്തികളിലും താഴെ ചേർക്കുന്നവ രേഖപ്പെടുത്തുന്നില്ല.

A)EMD തുകയുടെ വിവരങ്ങൾ.

B)No & Date Of Receipt Issued

4. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011 ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

ടി അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/16.02.23) സമയക്കുറവ് മൂലവും സചിത്ര സോഫ്റ്റ് വെയറിലെ തകരാർ മൂലവുമാണ് ടി അപാകതകൾ സംഭവിച്ചതെന്നും ആയത് എത്രയും വേഗം പരിഹരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ടി അപാകതകൾ ഒഴിവാക്കാനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 21-22 | 129488 | അനുപൂരക പോഷകാഹാര പദ്ധതി | 129488 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 21-22 | 99990 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 99990 | 0 |
| ആകെ | | 229478 | | 229478 | |
| ജില്ലാ പഞ്ചായത്ത് | 21-22 | 1,00,000 | അനുപൂരക പോഷകാഹാര പദ്ധതി | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 21-22 | 73098 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 73098 | 0 |
| ആകെ | | 173098 | | 173098 | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക്നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളവാട്ടർ അതോറിറ്റി | കൊച്ചുപറമ്പ് മുതൽ കാപ്പിൽ തറ വരെ പൈപ്പ് ലൈൻ വലിക്കൽ റീച്ച് 2 (പ്രോജക്ട് നം. 63/22) | 153/19.3.22 | 165000 | | 165000 |
| കേരളവാട്ടർ അതോറിറ്റി | എസ്.എൻ.ഡി.പി മുതൽ ചോനിത്ര വരെ പൈപ്പ് ലൈൻ വലിക്കൽ (പ്രോജക്ട് നം.59 /22) | 149/17.03.22 | 200000 | | 200000 |

| | | | | | |
|---|---|---|---|---|---|
| കേരളവാട്ടർ അതോറിറ്റി | കിഴക്കേപുരയ്ക്കൽ മുതൽ തറയിൽ മുട്ട് വരെ പൈപ്പലൈൻ നീട്ടൽ വലിക്കൽ (പ്രോജക്റ്റ് നം.58 /22) | 150/17.03.22 | 100000 | | 100000 |
| കേരള വാട്ടർ അതോറിറ്റി | കറുകപ്പറമ്പ് ജെട്ടി മുതൽ ആറ്റുചിറ വരെ പൈപ്പ് ലൈൻ വലിക്കൽ (പ്രോജക്റ്റ് നം.60/22) | 148/17.03.22 | 100000 | | 100000 |
| കേരള വാട്ടർ അതോറിറ്റി | പാറയിൽ മുതൽ പാണാപറമ്പ് വരെ പൈപ്പ് ലൈൻ നീട്ടൽ (പ്രോജക്റ്റ് നം.54/22) | 145/17.03.22 | 300000 | | 300000 |
| കേരള വാട്ടർ അതോറിറ്റി | കണ്ണമംഗലം മുതൽ ഷിബു സദനം വരെ പൈപ്പലൈൻ നീട്ടൽ (പ്രോജക്റ്റ് നം.56/22) | 146/17.03.2022 | 150000 | | 150000 |
| കേരള വാട്ടർ അതോറിറ്റി | ചക്കിട്ട പറമ്പ് മുതൽ പുഞ്ചപിടാരം പ്രദീപിന്റെ വീട് വരെ പൈപ്പ് ലൈൻ നീട്ടൽ (പ്രോജക്റ്റ് നം.55/22) | 151/17.03.22 | 150000 | | 150000 |
| കേരള വാട്ടർ അതോറിറ്റി | കുന്നമ്പള്ളി പാലം മുതൽ ലൈബ്രറി വരെ പൈപ്പ് ലൈൻ നീട്ടൽ (പ്രോജക്റ്റ് നം.57/22) | 147/17.03.22 | 100000 | | 100000 |
| കേരള വാട്ടർ അതോറിറ്റി | അപ്പച്ചന്റെ ചിറ വടക്കേയറ്റം മുതൽ എണ്ണയ്ക്കാപ്പള്ളി വരെ പൈപ്പ് ലൈൻ നീട്ടൽ (പ്രോജക്റ്റ് നം.61/22) | 54/19.03..21 | 150000 | | 150000 |
| | | | 1415000 | | 1415000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | 2021-22 ൽ ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി ഒ (എം എസ്)2278/ത സ്വ ഭ വ തീയതി 18.08.2018 | 0 | 85,13,821 | 762667 | 0 | 7751154 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

2021-22 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച 23913/- രൂപയുടെ വിവരം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയതുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി. |
|---|---|---|---|---|
| 2014-15 | 3-1 | 7340 | റ്റി.തിലകൻ, അക്കൗണ്ടന്റ് | 121030100046/21.04.2021 |
| 2014-15 | 3-1 | 7600 | ഹേമലത സി, അക്കൗണ്ടന്റ് | 121030100058/23.04.2021 |
| 2017-18 | 2-1 | 200 | കുഞ്ചെറിയ കെ | 121030100575/12.11.2021 |
| 2018-19 | 1-33 | 8673 | ജോസഫ്കുട്ടി ജോസഫ് | 21030100591/23.11.2021 |
| 2017-18 | 2-1 | 50 | ബാലകൃഷ്ണൻ | 21030100593/23.11.2021 |
| 2018-19 | 1-16 | 50 | സജി | 21030100594/23.11.2021 |
| ആകെ | | 23913 | | |

ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-9 പ്രകാരം Recovery From Employees Based On Charge Certificate എന്നയിനത്തിൽ 24773/-രൂപ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിൽ 860/-രൂപ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തൊഴിൽനികുതിയിനത്തിൽ ഈടാക്കിയ തുകയാണ്.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം |
|---|---|---|---|
| 1997-98 | 32, 57, 58 | 2001-02<br>2002-03 | 1. വ്യാജ രേഖ ചമച്ച് മരാമത്ത് പണികൾ ചെയ്തു<br>2. എസ്.സി. കുടുംബങ്ങൾക്ക് സി.എഫ്.എൽ. |
| 1999-2000 | 21-26 | 2003-04 | 1. മരാമത്ത് പണികൾ- രേഖ ഹാജരാക്കിയില്ല.<br>2. കമ്പ്യൂട്ടർ പഠനം രേഖ ഹാജരാക്കിയില്ല. |
| 2000-01 | 2-8 | 2005-06 (ഖണ്ഡിക നം. 2-21-8 | ധനവിനിയോഗ രേഖകൾ കൃത്യമാക്കാതെ പണം പിൻവലിച്ചു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39146696 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 39091140 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 962000 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 62000 | ശ്രീ.ബിജു എം.ബി, വി.ഇ.ഒ. |
| 1-17 | 750000 | ശ്രീ.ബിജു എം.ബി, വി.ഇ.ഒ. |
| 1-18 | 150000 | ശ്രീ.ബിജു എം.ബി. വി.ഇ.ഒ. |
| ആകെ | 962000 | |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിജു എം.ബി. വി.ഇ.ഒ. | വി.ഇ.ഒ. വെളിയനാട് ഗ്രാമപഞ്ചായത്ത് | മാമ്പള്ളിൽ, വേഴപ്ര, രാമങ്കരി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1999-00 (ചെലവ്) | എൽഎഫ്എ-14/1398/03, തീയതി – 04.11.03/10.12.03 |
| 2000-01 (വരവ്) | എൽഎഫ്എ-പി3/1004/11, തീയതി – 03.04.12/12.04.12 |
| 2001-02(വരവ്) | എൽഎഫ്എ-പി3/1005/11, തീയതി – 03.04.12/12.04.12 |
| 2002-03 | എൽഎഫ്എ-പി3/1006/11, തീയതി – 03.04.12/12.04.12 |
| 2003-04 | എൽഎഫ്എ-പി3/1007/11, തീയതി – 03.04.12/10.05.12 |
| 2004-05 | എൽഎഫ്എ-പി3/1008/11, തീയതി – 13.04.12/13.06.12 |
| 2005-06 | എൽഎഫ്എ-പി3/1009/11, തീയതി – 13.04.12/13.06.12 |
| 2008-09 | എൽഎഫ്എ-പി3/1012/11, തീയതി – 16.04.12/13.06.12 |
| 2009-10 | എൽഎഫ്എ-പി3/1013/11, തീയതി – 16.04.12/13.06.12 |
| 2010-11, 2011-12, 2012-13 | എൽഎഫ്എ-പി10/1573/13, തീയതി – 26.04.14/15.07.14 |
| 2013-14, 14-15 | കെ.എസ്.എ-എ.എൽ.പി-പി.10-1455/2015 /16.11.15 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി.12/5/2017/ 09.01.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി.12/1177 /2017/11.09.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി.12/282 /19/16.05.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി.12/234 /20/10.06.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.12/329 /2022/27.03.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി.12/711 /2022/03.07.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്